




## പതിനഞ്ച് കിലോ കഞ്ചാവുമായി തമിഴ്നാട് സ്വദേശി കോങ്ങാട് പോലീസിൻെറ പിടിയിൽ.

തമിഴ്നാട്ടിൽ നിന്നും മലബാർ ജില്ലകൾ കേന്ദ്രീകരിച്ച് മൊത്തമായി കഞ്ചാവ് എത്തിച്ചു നൽകുന്ന തമിഴ്നാട് സ്വദേശിയെ ജില്ലാ ലഹരി വിരുദ്ധ സ്ക്വാഡും,കോങ്ങാട് പോലീസും ചേർന്ന് വലയിലാക്കി. തമിഴ്നാട്, മധുര ജില്ല , ഉസുലം പട്ടി, തിമ്മനത്തം സ്വദേശി പെരിയസാമി വ : 33 നെയാണ് പാലക്കാട് കോഴിക്കോട് ഹൈവേയിൽ മുണ്ടൂർ, കയറം കോടം എന്ന സ്ഥലത്തു വെച്ച് പിടികൂടിയത്. ടിയാൻെറ കൈവശമുണ്ടായിരുന്ന ബാഗിലും, ബിഗ് ഷോപ്പറിലുമായി സൂക്ഷിച്ചിരുന്ന പതിനഞ്ച് കിലോ 200 ഗ്രാം കഞ്ചാവ് പോലീസ് പിടിച്ചെടുത്തു. രണ്ട് കിലോ വീതമുള്ള എട്ട് പാർസലുകളിലായിട്ടാണ് കഞ്ചാവ് കടത്തിയത്. പിടിച്ചെടുത്ത കഞ്ചാവിന് ചില്ലറ വിപണിയിൽ പത്തുലക്ഷം രൂപയോളം വില വരും. തിരുപ്പൂരിൽ നിന്നും മലപ്പുറം, കോഴിക്കോട് ജില്ലകൾക്കായി വിതരണത്തിനായി കൊണ്ടുവന്ന കഞ്ചാവാണ് പോലീസ് പിടികൂടിയത്.



പാലക്കാട് ജില്ലാ പോലീസ് മേധാവി ദേബേഷ് കുമാർ ബെഹ്റ IPS ന് ലഭിച്ച രഹസ്യ വിവരത്തെ തെത്തുടർന്ന്, നർകോട്ടിക് സെൽ DySP ഷംസുദ്ദീന്റെ മേൽനോട്ടത്തിലാണ് പ്രത്യേക സംഘം കഞ്ചാവ് കടത്ത് പിടികൂടിയത്. ജില്ലാ ലഹരി വിരുദ്ധ സേനയിലെ അംഗങ്ങളായ കോങ്ങാട് SI അനീഷ്, ടൗൺ നോർത്ത് SI . R. രഞ്ജിത്ത്, GSI. S. ജലീൽ, B.നസീറലി, R. കിഷോർ, K. അഹമ്മദ് കബീർ, R. രാജീദ്, S. ഷമീർ, കോങ്ങാട് പോലീസ് സ്റ്റേഷനിലെ ASI മാരായ V.ഉദയകുമാർ,M.H. സുൽഫിക്കർ, CPO മാരായ അനീഷ്, പ്രദീപ് എന്നിവരടങ്ങിയ സംഘമാണ് കഞ്ചാവ് കടത്ത് പിടികൂടിയത്.

.........................................................................................................................

100 POLICE STATION | 1091 WOMEN HELPLINE | 9497 900 000 MESSAGE CENTRE | 9846 100 100 HIGHWAY ALERT | 1090 CRIME STOPPER | 1098 CHILD LINE | 9846 200 100 RAILWAY ALERT